## സയൻസ് സെന്റർ: തൃശൂർ എഞ്ചിനീയറിംഗ് കോളേജ് പദ്ധതി രേഖ തയ്യാറാക്കും

കൊടുങ്ങല്ലൂർ നഗരസഭയിൽ ആധുനിക രീതിയിലുള്ള സയൻസ് സെന്റർ നിർമ്മിക്കുന്നതിന് വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന ചുമതല തൃശ്ശൂർ എഞ്ചിനിയറിങ് കോളേജിന്. സെന്റർ നിർമ്മിക്കുന്നതിനും പുല്ലൂറ്റ് ചാപ്പാറയിൽ ട്രെഞ്ചിങ് ഗ്രൗ് അനുവദിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിന് ടെർ നടപടികൾ സ്വീകരിക്കുന്നതിനും നേരത്തെ നഗരസഭ കൗൺസിൽ യോഗം തീരുമാനിച്ചിരുന്നു. ഇത് കാലതാമസത്തിന് ഇടയാക്കുന്നതിനാൽ ടെർ നടപടി കൂടാതെ അക്രഡിറ്റഡ് ഏജൻസിയായി പ്രവർത്തിക്കുന്ന തൃശ്ശൂർ എഞ്ചിനിയറിങ് കോളേജിനെ ഡി പി ആർ തയ്യാറാക്കൽ ചുമതല ഏൽപ്പിക്കുവാൻ നിർദ്ദേശിച്ചു കൊ് വി.ആർ.സുനിൽകുമാർ എം എൽ എ, നഗരസഭ ചെയർമാൻ കെ ആർ.ജൈത്രന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം.

സംസ്ഥാന സർക്കാരിന്റെ 2019-20 വർഷത്തെ ബഡ്ജറ്റിൽ കൊടുങ്ങല്ലൂർ നഗരസഭയിലേയ്ക്ക് സയൻസ് സെന്ററിനായി ഫ് അനുവദിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് നഗരസഭയുടെ പുതിയ തീരുമാനം. 50 കോടി രൂപ മുതൽ മുടക്കിയാണ് വാനനിരീക്ഷണ കേന്ദ്രം, പ്ലാനറ്റോറിയം, സയൻസ് പാർക്ക്, മ്യൂസിയം, ലാബറട്ടറി, ത്രിഡി തിയേറ്റർ തുടങ്ങി ഒട്ടേറെ ആധുനികസൗകര്യങ്ങളോടെയുള്ള സയൻസ് സെൻറർ വിഭാവനം ചെയ്യുന്നത്. ആദ്യ ഘട്ടത്തിൽ 3 കോടി രൂപ സർക്കാർ അനുവദിച്ചിട്ടു്. ശാസ്ത്ര വിദ്യാർത്ഥികൾക്കും ഗവേഷകർക്കും അദ്ധ്യാപകർക്കുമെല്ലാം ഉപകാരപ്രദമായ ഈ കേന്ദ്രം ആരംഭിക്കുന്നതിന് വി.ആർ.സുനിൽകുമാർ എം എൽ എ, നഗരസഭ ചെയർമാൻ കെ ആർ.ജൈത്രൻ എന്നിവരുടെ നേതൃത്വത്തിൽ ഉയർന്ന ഉദ്യോഗസ്ഥരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും യോഗം ചേർന്ന് വിശദമായ ചർച്ചകൾ നടത്തിയിരുന്നു. ഇതിനെ തുടർന്നാണ് എം എൽ എവി.ആർ.സുനിൽകുമാർ കത്ത് നൽകിയത്.

## ചാമ്പ്യൻസ് ബോട്ട് ലീഗ്: കോട്ടപ്പുറം വള്ളംകളി സെപ്റ്റംബർ 21ന്

സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായി നടത്തുന്ന കോട്ടപ്പുറം ജലോത്സവം സെപ്റ്റംബർ 21ന്. ജില്ലാ ടൂറിസം വകുപ്പ് മേത്തല കമ്മ്യൂണിറ്റി ഹാളിൽ വിളിച്ചു ചേർത്ത യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്. ആഗസ്റ്റ് 10 ന് ആലപ്പുഴ നെഹ്റു ട്രോഫി വള്ളംകളിയോടെ തുടക്കമിടുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് കേരളത്തിലെ 6 ജില്ലകളിലായി 12 ജലപാതകളിലാണ് നടത്തുക. ഇതിൽ ആറാമത്തെ ജലപാതയാണ് കോട്ടപ്പുറത്തേത്. നവംബർ 1ന് അഷ്ടമുടി കായലിൽ നടത്തുന്ന പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയോടെ സിബിഎല്ലിന് സമാപനമാകും. അഡ്വ. വി.ആർ. സുനിൽകുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കലക്ടർ എസ്. ഷാനവാസ്, കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ, ജില്ല ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ ബിജു, ജോയിന്റ് ഡയറക്ടർ രാജ് കുമാർ, വിവിധ വാർഡ് കൗൺസിലർമാർ, ബോട്ട് ക്ലബ്ബ് ഭാരവാഹികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## പ്രളയം:പരാതികൾ പരിശോധിച്ച് നടപടി: മന്ത്രി എ.സി.മൊയ്തീൻ

പ്രളയദുരന്തത്തിൽ ഇനിയും മതിയായ നഷ്ടപരിഹാരം ലഭിക്കാത്തവരുടെ പരാതികൾ പരിശോധിച്ചു പരിഹാരമുാക്കുമെന്നു മന്ത്രി എ.സി.മൊയ്തീൻ അറിയിച്ചു. പരിയാരം പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ബി.ഡി. ദേവസി എംഎൽഎ അധ്യക്ഷത വഹിച്ചു. കിടപ്പുരോഗികൾക്കു സാമ്പത്തിക, ഉപകരണ സഹായങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ലഭ്യമാക്കുന്ന സാന്ത്വനസ്പർശം പദ്ധതിയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

ആശുപത്രിയുടെ പ്രവർത്തനസമയം രാവിലെ 9മുതൽ 2 വരെയായിരുന്നത് ഇനി മുതൽ വൈകീട്ട് 6വരെയാകും. പഞ്ചായത്ത് പ്രസിഡന്റ് ജനീഷ് പി.ജോസ്, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ.കെ.ജെ. റീന, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈനി അശോകൻ,ജില്ലാ പഞ്ചായത്ത് അംഗം സി.ജി. സിനി, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ അനൂപ് ഡേവിസ്, ഷാജു ജോസഫ് മാടവന, അജിത ലക്ഷ്മണൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ലിജി പോളി, ഉഷ രാവുണ്ണി, സൽബി ജയിംസ്, മറ്റ് ജനപ്രതിനിധികൾ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ടി.വി. സതീശൻ, ആർദ്രം നോഡൽ ഓഫിസർ ഡോ. എം.എസ്. റാണ, മെഡിക്കൽ ഓഫിസർ ഡോ. ഷാലിൻ ജോസഫ് എന്നിവർ സംസാരിച്ചു.